Elr My
Hum/ PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.16.01.2019.

### അമ്പനാർ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ ഉദ്ഘാടനം: ഇന്ന് (ജനുവരി 17)

പുനലൂർ വനം ഡിവിഷന്റെ കീഴിലുള്ള പത്തനാപുരം റെയിഞ്ചിലെ അമ്പനാർ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുവേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം വനം വകുപ്പുമന്ത്രി അഡ്വ.കെ.രാജു ഇന്ന് (ജനുവരി-17) നിർവ്വഹിക്കും. വൈകിട്ട് നാലിന് നടക്കുന്ന ചടങ്ങിൽ കെ.ബി. ഗണേഷ്കുമാർ എം.എൽ.എ. അദ്ധ്യക്ഷത വഹിക്കും. കൊടിക്കുന്നിൽ സുരേഷ് എം.പി. മുഖ്യപ്രഭാഷണം നടത്തും. ജനകീയ പങ്കാളിത്തത്തൊടെ കാട്ടുതീ പ്രതിരോധ പ്രവർത്തനം വിജയകരമായി പൂർത്തീകരിച്ച വനസംരക്ഷണ സമിതികളെ വനം മന്ത്രി ചടങ്ങിൽ ആദരിക്കും.

കൊല്ലം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സി. രാധാമണി, കൊല്ലം ഐ.& ഇ.ഫോറസ്റ്റ് കൺസർവേറ്റർ ഐ. സിദ്ദിഖ്, ത്രിതല ജനപ്രതിനിധികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ ആശംസകൾ അർപ്പിക്കും. പുനലൂർ ഡി.എഫ്.ഒ. ഡോണി ജി. വർഗീസ് റിപ്പോർട്ട് അവതരിപ്പിക്കുന്ന ചടങ്ങിൽ ദക്ഷിണമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ. വിജയാനന്ദൻ സ്വാഗതവും പത്തനാപുരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എസ്. പ്രസന്ന കുമാർ നന്ദിയും പറയും.

16/1/19

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-67